# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 27** **30-11-2015-ൽ മറുപടിയ്ക്ക്**

**കെ.എസ്.എഫ്.ഇ. ശക്തിപ്പെടുത്തുന്നതിനുള്ള കർമ്മ പദ്ധതികൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ബെന്നി ബെഹനാൻ**<br>**ശ്രീ. എ.റ്റി. ജോർജ്**<br>**ശ്രീ. വർക്കല കഹാർ**<br>**ശ്രീ. പാലോട് രവി** | **ശ്രീ. ഉമ്മൻ ചാണ്ടി**<br>**(മുഖ്യമന്ത്രി)** |
| (എ) സംസ്ഥാനത്ത് കെ.എസ്.എഫ്.ഇ. ശക്തിപ്പെടുത്തുന്നതിന് കർമ്മ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.<br>1) 2012-ലെ സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റ് നിർദ്ദേശപ്രകാരം എല്ലാ പഞ്ചായത്തുകളിലും ശാഖകൾ തുടങ്ങുക.<br>2) ശാഖകൾ തമ്മിൽ ബന്ധിപ്പിക്കുന്ന കോർ ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ നടപ്പിലാക്കുക.<br>3) ബാങ്ക് വഴി ചിട്ടിത്തവണകൾ അടയ്ക്കുവാനുള്ള സൗകര്യം ഏർപ്പെടുത്തുക.<br>4) 2015-16 സാമ്പത്തികവർഷം 4575 കോടി രൂപയുടെ അധിക വായ്പ ബിസിനസ്സ് നടത്തുക.<br>5) കൂടുതൽ മേഖലാ ഓഫീസുകളും സോണൽ ഓഫീസുകളും തുടങ്ങുക.<br>6) പ്രവാസികളെ ചിട്ടികളിൽ ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.<br>7) കമ്പനിയുടെ മൂലധനം 100 കോടി രൂപയായി വർദ്ധിപ്പിക്കുക.<br><br>ഇതിൽ 4 പുതിയ മേഖലാ ഓഫീസുകൾ തുടങ്ങുന്നതിനും പ്രവാസികളെ ചിട്ടികളിൽ ചേർക്കുന്നതിനും സർക്കാർ അനുമതി നൽകിയിട്ടുണ്ട്. |
| (ബി) കെ.എസ്.എഫ്.ഇ.-യുടെ നിക്ഷേപം ഇതുമൂലം എത്രത്തോളം വർദ്ധിക്കുകയുണ്ടായെന്ന് വിശദമാക്കുമോ; | (ബി) 31.03.2011 ൽ കമ്പനിയുടെ നിക്ഷേപം 3,109 കോടി രൂപയായിരുന്നത് ഇപ്പോൾ 7,930 കോടി രൂപയായി ഉയർന്നിട്ടുണ്ട്. |

**(സി)** ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ?

**(സി)**
1) ചിട്ടി ആക്ട് 1982 പ്രകാരം പുതിയ ചിട്ടികൾ തുടങ്ങുവാനുള്ള അനുമതി നൽകിവരുന്നു.
2) ചിട്ടിയിതര ബിസിനസ്സുകൾ തുടരുവാനുള്ള അനുമതി നൽകിയിട്ടുണ്ട്.
3) ചിട്ടി സെക്യൂരിറ്റി നിക്ഷേപം ട്രഷറിയിൽ നിക്ഷേപിക്കാനുള്ള അനുമതി നൽകിയിട്ടുണ്ട്.
4) കെ.എസ്.എഫ്.ഇ.യുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുവേണ്ടി 4 പുതിയ മേഖല ഓഫീസുകൾ തുടങ്ങുവാൻ G.O.(MS) 130/2015/TD തീയതി 24-07-2015 പ്രകാരം ഉത്തരവായിട്ടുണ്ട്.
5) കൂടുതൽ മേഖലാ ഓഫീസുകളും സോണൽ ഓഫീസുകളും തുടങ്ങുന്നതിനുവേണ്ട പഠന റിപ്പോർട്ട് തയ്യാറാക്കാൻ കെ.എസ്.എഫ്.ഇ.-യോട് നിർദ്ദേശിച്ചിട്ടുണ്ട്.
6) ഫെമ നിയന്ത്രണങ്ങളിൽ മാറ്റം വരുത്തി പ്രവാസികളെ ചിട്ടിയിൽ അംഗങ്ങളാക്കുന്നതിന് G.O.(MS) 136/2015/TD തീയതി 29-07-2015 പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

Jayesh

**സെക്ഷൻ ഓഫീസർ.**